15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882 02-02-2024 - ൽ മറുപടിയ്ക്ക്

വെറ്ററിനറി സർവ്വകലാശാലയിൽ പുതിയ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വെറ്ററിനറി സർവ്വകലാശാലയിൽ 156 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കാനുള്ള ബോർഡ് ഓഫ് മാനേജ്മെന്റിന്റെ തീരുമാനം അനധികൃതമാണോയെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സർവകലാശാലയിൽ ഒഴിഞ്ഞു കിടക്കുന്ന 156 അധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് അനുമതി അഭ്യർത്ഥിച്ചു കൊണ്ടുള്ള പ്രൊപ്പോസൽ 09/01/2024 തീയതിയിൽ നടന്ന 84 മത് ഭരണസമിതിയോഗവും 45-മത് മാനേജ്മെൻറ് കൗൺസിൽ യോഗവും പരിഗണിച്ചിരുന്നു. സർവകലാശാലക്ക് കീഴിലെ ഡയറി കോളേജുകൾക്കായി ജി.ഒ(എം.എസ്) 13/2023.എ.എച്ച്.ഡി തീയതി 27/05/2023 ഉത്തരവ് പ്രകാരം അനുവദിച്ച 69 അധ്യാപക തസ്തികകളോടൊപ്പം ഡയറി ഫാക്കൽറ്റിക്കു കീഴിൽ ഒഴിഞ്ഞു കിടപ്പുള്ള 2 അധ്യാപക തസ്തികകൾ കൂടി ചേർത്ത് ടി ഫാക്കൽറ്റിക്ക് കീഴിൽ 71 ഒഴിവുകളിലും വെറ്റിനറി ഫാക്കൽറ്റിക്ക് കീഴിൽ കാർഷിക സർവകലാശാലയിൽ നിന്ന് കൈമാറി ലഭിച്ച 308 അധ്യാപക തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്ന 85 തസ്തികകളിലും ആണ് നിയമനം നടത്താൻ സർവകലാശാല ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള യു.ജി.സി നിർദേശം, സർവകലാശാലയിലെ വെറ്ററിനറി കോളേജുകളിൽ പരിശോധന നടത്തി വിവിധ വകുപ്പുകളിലെ അധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയ വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യ നൽകിയ പരിശോധന റിപ്പോർട്ട് എന്നിവ പരിഗണിച്ചാണ് മേൽ പ്രകാരം വരുന്ന 156 ഒഴിവുകളും നികത്തുന്നതിന് സർവകലാശാല ഭരണസമിതികൾ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |
| (ബി) | ചില വിഷയങ്ങളിലെ നിയമനത്തിന് നെറ്റ് യോഗ്യത വേണമെന്ന നിബന്ധന ഒഴിവാക്കിയതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | UGC Regulation 2018-ൽ അദ്ധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ പരാമർശിക്കുന്ന ഖണ്ഡിക 3.3 (II) ആയി NET/SET/ SLET |

| | | | |
|---|---|---|---|
| | | | **പരീക്ഷകൾ നടത്താത്ത വിഷയങ്ങളിൽ ടി യോഗ്യത നിർബന്ധമല്ല എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. എല്ലാ സർവകലാശാലകളിലും അധ്യാപക നിയമനങ്ങൾക്ക് ഇത് ബാധകമാണ്.** |
| (സി) | സാമ്പത്തിക ബാധ്യത പരിഗണിക്കാതെയുള്ള അനധികൃത നിയമനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | **മേൽ പ്രസ്താവിച്ച 156 അധ്യാപക തസ്തികകളിൽ നിയമനങ്ങൾ നടത്തുമ്പോൾ എൻ.പി.എസ് വിഹിതം ഉൾപ്പെടെ ശരാശരി ഒരു വർഷം 17.16 കോടി രൂപ അധികമായി ചിലവ് കണക്കാക്കിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത സംബന്ധിച്ച പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ചു വരികയാണ്.** |

സെക്ഷൻ ഓഫീസർ